# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T-5459** — **04.07.2013-ലെ മറുപടിക്ക്**

**സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റ് അസോസിയേഷനുമായുള്ള കരാർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കുട്ടികളുടെ പ്രവേശനവുമായി ബന്ധപ്പെട്ട് സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റ് അസോസിയേഷനുമായി സർക്കാർ ഈ വർഷം കരാർ ഒപ്പിട്ടിട്ടുണ്ടോ ; | (എ) കരാർ ഒപ്പിട്ടിട്ടുണ്ട്. |
| (ബി) വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച കരാറിൽ എത്തിച്ചേരുന്നതിലേക്കായി സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റ് അസോസിയേഷന് എന്തൊക്കെ കാര്യങ്ങളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും അനുവദിച്ചിട്ടുള്ളത് ; അറിയിക്കാമോ ? | (ബി) 50 ശതമാനം സീറ്റുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നടത്താൻ മാനേജ്മെന്റുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ പഠനത്തിന്റെ ഭാഗമായുള്ള പരിശീലനം നടത്താൻ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ